


മോഹിനിയാട്ടം അഭ്യസിച്ച ഒരു
വനിത, ദിനരാത്രങ്ങൾ ഉറക്കമൊഴിച്ച്
ഒരു സ്റ്റേജിൽ ഇടയ്ക്കൊക്കെ തലങ്ങും
വിലങ്ങും നടക്കുകയും വല്ലപ്പോഴും മുദ്രകൾ
എന്ന വ്യാജേന ചില ആംഗ്യങ്ങൾ
കാണിക്കുകയും കടന്നു വരുന്നവരിൽ
വി.ഐ.പികളായുള്ളോർക്ക് വന്ദനം
പറയുകയും ബാക്കി സമയം ചുറ്റുമുള്ള
മീഡിയാകുട്ടന്മാരുമായും സുഹൃത്തുക്കളുമായും
കുശലത്തിലേർപ്പെടുകയും ചെയ്തുകൊണ്ടിരിക്കുക
എന്നുള്ളത് ഗിന്നസ് പദവി നിശ്ചയമായും
നൽകാവുന്ന കാര്യമാണ്. ഹേമലതയുടെ
ഗിന്നസ് മോഹിനിയാട്ടത്തിന്
**ജ്യോതിവർമ്മ**യുടെ മറുപടി

# ഗിന്നസാട്ടം

ഗിന്നസ് ബുക്ക് എന്നൊരു ബുക്കുള്ളതായി പറയപ്പെടുന്നു. മനോരഥം എന്നൊരു രഥമുള്ളതു പോലെ. മേപ്പടി ബുക്കിൽ നിങ്ങളുടെ പേരു ചേർത്തു കിട്ടണമെങ്കിൽ കുറച്ചൊന്നുമല്ല പാട്. മൂന്നു വിധേന നിങ്ങൾക്ക് ഈ ബുക്കിലേക്കു കടക്കാം. സംഗതി ഇത്തിരി ഷെയ്ക്സ്പീരിയൻ ആണ്. അതായത് ജന്മം കൊണ്ട് , കർമ്മം കൊണ്ട്, പിന്നെ ഭാഗ്യം കൊണ്ട്. ജന്മം കൊണ്ട് എന്നു പറയുമ്പോൾ നിങ്ങൾ ജന്മനാ അംഗുലീമാത്ര

ശരീരനാണെങ്കിൽ അതിലും ഹ്രസ്വാകാരത്തിൽ ഈ ദുനിയാവിൽ മറ്റൊരാൾ ജീവിച്ചിട്ടില്ല എന്നു തെളിയിച്ചാൽ മതി. അതു പോലെ ദീർഘകായനായാലും മതി. അപ്പോൾ ജനിതകമായ സവിശേഷതകൾ/തകരാറുകൾ ഉണ്ടെങ്കിൽ നിങ്ങൾക്ക് വലിയ ക്ലേശം കൂടാതെ ഗിന്നസ് ബുക്കിൽ കയറിപ്പറ്റാം എന്നർത്ഥം. പിന്നെയുള്ളത് കർമ്മം കൊണ്ടാണ്. അതത്ര എളുപ്പമല്ല. ഏറ്റവും കൂടുതൽ മനുഷ്യരെ കൊല്ലുന്നതു മുതൽ ഏറ്റവും അധികം പ്രാവശ്യം നിർത്താതെ തുമ്മുന്നതു വരെയുള്ള മാനവ ശേഷിയാണ് പരിഗണിക്കപ്പെടുക. ഇതിൽ രാഷ്ട്രീയവും മതവും സ്വത്വവാദവും ഒക്കെ പങ്കുവഹിക്കുന്നുണ്ടെന്നു പ്രത്യേകം ഓർക്കണം. ഉദാഹരണത്തിന് ഏറ്റവും കൂടുതൽ മനുഷ്യരെ കൊലപ്പെടുത്തിയതിന്റെ റെക്കോഡ് പാവം ഹിറ്റ്ലർക്കല്ല, ചൈനാക്കാരൻ ഒരു മാവോയ്ക്കാണു ഉള്ളത്. ഭാഗ്യം കൊണ്ട് ഗിന്നസ് ബുക്കിൽ കയറി

പ്പറ്റാൻ സാദ്ധ്യത വളരെ കുറവാണ്. ഇപ്രകാരം ഒരു സാദ്ധ്യതയുള്ളത് ആയുഷ്മാൻമാർക്കാണ്. കേരളീയരായ ഡ്രൈവർമാരും ഡോക്ടർമാരും എത്തിപ്പെടാനിടയില്ലാത്ത പ്രദേശങ്ങളിൽ താമസിക്കുന്നവർക്കാണ് ഇത്തരമൊരു ഭാഗ്യത്തിനുള്ള സാദ്ധ്യത തെല്ലെങ്കിലും ഉള്ളത്. ഇക്കൂട്ടർക്ക് കോമൺ വെൽത്ത് ഗെയിംസിൽ ധൈര്യമായി പങ്കെടുക്കാവുന്നുതും ആണ്. റഷ്യക്കാരനോ മറ്റോ ആയ ഒരു മുത്തച്ഛന് ഇക്കാര്യത്തിൽ ഒരു മുൻകാല റെക്കോഡ് ഉണ്ടായിരുന്നു. നൂറും അതിലപ്പുറവും കടന്ന ആ കാരണവർ മുക്കുമുട്ടെ ഇറച്ചിയും മീനും തട്ടിവിടുകയും സുഭിക്ഷമായി മദ്യം അകത്താക്കുകയും ചെയ്യുമായിരുന്നത്രെ. പടച്ചോൻ സഹായിച്ചിട്ട് മൂപ്പിലാൻ തടിയനങ്ങി എന്തെങ്കിലും പണി ചെയ്തതായി രേഖയുമില്ലത്രെ. കീഴ്ക്കിടയായുള്ള നടപ്പനുസരിച്ച് ഇമ്മാതിരിയൊരു ജിവിതം നയിക്കുന്നവർ അകാലത്തിൽ കാഞ്ഞുപോകാറാണല്ലോ പതിവ്. കാലനെ തോൽപ്പിച്ചുകൊണ്ടുള്ള കാരണവരുടെ ഈ ജൈത്രയാത്ര എങ്ങനെ എന്ന് കേട്ടവർ കേട്ടവർ അത്ഭുതം കൂറി. ആയുസ്സിന്റെ യഥാർത്ഥ കാരണം കാരണവർ പറഞ്ഞ കാര്യങ്ങളിൽ ഉണ്ടായിരുന്നു. പക്ഷെ അതാരും ശ്രദ്ധിച്ചില്ല. നൂറിൽ പരം വർഷങ്ങൾക്കിടയിൽ സീനിയർ സിറ്റിസൺ ഒരിക്കൽപോലും ഒരു ഡോക്ടറെ കാണുകയോ ഒരു ദിവസമെങ്കിലും ആശുപത്രിയിൽ കിടക്കുകയോ ചെയ്തിട്ടില്ല എന്നുള്ളിടത്താണ് സംഗതിയുടെ ഗുട്ടൻസ്. തിരിഞ്ഞോ?.

കഴിഞ്ഞ കുറച്ചു ദിവസങ്ങളിലായി പത്രത്താളുകളിൽ നിറഞ്ഞു നിന്ന ഒരു ഗിന്നസ് വാർത്തയെക്കുറിച്ചു പറയാനാണ് ഇത്രയും വിസ്തരിച്ചത്. 113 മണിക്കൂർ നേരം തുടർച്ചയായി മോഹിനിയാട്ടം അവതരിപ്പിച്ച് ഒരു മലയാളി നർത്തകി ഗിന്നസ് ബുക്കിലേക്ക് ഓടിക്കയറിയിരിക്കുകയാണ്. മലയാളികൾ മുഴുവൻ അഭിമാനം കൊണ്ട് വീർപ്പുമുട്ടിപ്പോയതിനാൽ ജ്ഞാനപീഠമേറിയ സാക്ഷാൽ ഒ.എൻ.വി കുറുപ്പിനെപ്പോലും വേണ്ടവിധം ശ്രദ്ധിക്കാൻ കഴിയാതെ പോയി. മോഹിനിയാട്ടം, ഭരതനാട്യം, ഓട്ടൻതുള്ളൽ എന്നു വേണ്ട കുത്തിയോട്ടം വരെയുള്ള കലകൾ ഗിന്നസിലേക്ക് കാലു നീട്ടിയിരിക്കുകയാണിപ്പോൾ. എളിയ ഒരു കലാസ്വാദക എന്ന നിലയ്ക്കും മേപ്പടി കല അൽപ്പസ്വൽപ്പം അഭ്യസിച്ചിച്ചുള്ള ഒരുത്തി എന്ന നിലയിലും ആട്ടം കാണാൻ ഈയുള്ളവളും പോയിരുന്നു. ആത്മപീഡനരതിയിൽ അഭിരമിക്കുന്നതോ, ആരുടെയൊക്കെയോ പരപീഡനരതിക്ക് വിധേയയാവുന്നതോ എന്നു തിട്ടമില്ലാത്ത ആ പ്രകടനം കണ്ടു നിൽക്കെ, സുപ്രസിദ്ധ ബ്ലോഗർ ആയ മാർജ്ജാരന്റെ ബ്ലോഗനയുടെ സ്വാരസ്യം തെല്ലൊന്നു നുകരുകയും ഉണ്ടായി. പനമ്പിൽ വെയിലത്ത് നെല്ലുചിക്കുമായിരുന്ന തന്റെ മുത്തശ്ശിയെ ഈ നിലയ്ക്ക് ഗിന്നസിലോട്ട് കയറ്റി വിടാമായിരുന്നല്ലോ എന്നായിരുന്നു മാർജ്ജാര വിചാരം.

മോഹിനിയാട്ടം അഭ്യസിച്ച ഒരു വനിത, ദിനരാത്രങ്ങൾ ഉറക്കമൊഴിച്ച് ഒരു സ്റ്റേജിൽ ഇടയ്ക്കൊക്കെ തലങ്ങും വിലങ്ങും നടക്കുകയും വല്ലപ്പോഴും മുദ്രകൾ എന്ന വ്യാജേന ചില ആംഗ്യങ്ങൾ കാണിക്കുകയും കടന്നു വരുന്നവരിൽ വി.ഐ.പികളായുള്ളോർക്ക് വന്ദനം പറയുകയും ബാക്കി സമയം ചുറ്റുമുള്ള മീഡിയാ കുട്ടന്മാരുമായും സുഹൃത്തുക്കളുമായും കുശലത്തിലേർപ്പെടുകയും ചെയ്തുകൊണ്ടിരിക്കുക എന്നുള്ളത് തീർച്ചയായും ഒരു നിസ്സാര കാര്യമല്ല. അതിനു ഗിന്നസ് പദവി നിശ്ചയമായും നൽകാവുന്നതുമാണ്. സംശയം അതല്ല, അതിന് മോഹിനിയാട്ടവുമായി ബന്ധം എപ്പടി എന്നു മാത്രമാണ്. പാവം മോഹിനിയാട്ടം എന്ന കലാരൂപം ഗിന്നസ് ബുക്കിൽ കയറിപ്പറ്റാൻ അർഹത നേടുന്നത് എന്തടിസ്ഥാനത്തിലാണ് എന്നു തെരിയാത്. കലയുടെ മികവോ കലാകാരിയുടെ ശാരീരിക മിടുക്കോ എന്നത്രേ ആശങ്ക. ഇവിടെ ഗിന്നസിൽ കയറിയത് ആർ? മോഹിനിയോ, അതോ ആട്ടമോ? വേണ്ടേ, വേണ്ട. കൂടുതൽ സംശയിക്കാൻ പോയാൽ കഥയറിയാതെ ആട്ടം കാണുകയാണെന്ന് സ്പോൺസർമാർ വല്ലാതങ്ങു സുഖിച്ചു പോകും. ആയതിനാൽ കലാകേരളത്തിനോടൊപ്പംഈയുള്ളവളും അല്ലറ ചില്ലറ രോമാഞ്ച കഞ്ചുകമെല്ലാം അങ്ങ് അണിഞ്ഞേക്കാം.

ആട്ടബാക്കി: 150 മണിക്കൂർ നിർത്താതെ കവിതയോ കഥയോ എഴുതാൻ തയ്യാറായാൽ ഗിന്നസ് ബുക്കിൽ കയറിപ്പറ്റാൻ തരാവുമോ എന്നു ചോദിക്കുന്നു ഒരു യുവ സാഹിത്യ കുതുകി.

*No.2, 3rd Floor, "Z" Block, SAF Games Village, Koyambedu, Chennai- 600107*

*With best compliments from*

CENTRE FOR POST GRADUATE STUDIES

P.G.Centre

**North Bus Stand**
**Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com

പ്രിയ കേരളീയം
വായനക്കാരാ/രി,

**വരിസംഖ്യ**
**240/- രൂപ**

*അയച്ചുതന്ന് സഹകരിക്കുമല്ലോ.*
*കൂടാതെ*
**സംഭാവന, അറിയിപ്പുകൾ,**
**വാർത്തകൾ, വിശകലനങ്ങൾ**
*തുടങ്ങിയവയും അയച്ചുതരുമല്ലോ.*

കേരളീയം

കൊക്കാലെ, തൃശൂർ-21.

ഫോൺ :
9446576943, 9446586943,
0487-2421385